# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 553** — **09/07/2012-ൽ മറുപടിയ്ക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. എ. റ്റി. ജോർജ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

## ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി

| | |
|---|---|
| (എ) പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും നഷ്ടപരിഹാരം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുമായി സ.ഉ. (എം. എസ്) 419/2011/ റവ തിയതി 15-11-2011 ആയി സമഗ്രമായ ഒരു പുനരധിവാസ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി നടപടി ക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് സ.ഉ. (എം. എസ്) 182/2011/റവ തിയതി 03-05-2012 ആയി മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ഭൂവുടമകളുമായി ജില്ലാതല പർച്ചേസ് കമ്മിറ്റി ചർച്ച നടത്തി വില സംബന്ധിച്ച് ധാരണയിലെത്താൻ സാധിക്കും. |
| (ബി) ഇത് സംബന്ധിച്ച് നിയോഗിച്ച ഉപ സമിതി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) ഇത് സംബന്ധിച്ച് നിയോഗിച്ച മന്ത്രിസഭാ ഉപ സമിതിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണ് സമഗ്രമായ പുനരധിവാസ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചത്. |
| (സി) ഇതിനായി നിയമഭേദഗതി നടത്തുന്നതിന് ആലോചിക്കുമോ ; എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ? | (സി) 1894-ലെ കേന്ദ്ര ഭൂമി ഏറ്റെടുക്കൽ നിയമമനുസരിച്ചാണ് സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടർന്ന് വരുന്നത്. ഇതൊരു കേന്ദ്ര നിയമമായതുകൊണ്ട് സംസ്ഥാനത്തിന് ഈ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ആവശ്യമായ ചട്ടങ്ങൾക്ക് രൂപം നൽകുവാനേ നിർവ്വാഹമുള്ളൂ. സംസ്ഥാനം രൂപം നൽകിയ പുനരധിവാസ പാക്കേജിന് നിയമ സാധുത നൽകുന്നതിന് വേണ്ടി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. ഇതിനായി മെമ്മോറാണ്ടം തയ്യാറാക്കി നൽകുവാൻ ലാൻറ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.